## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **6778** — 10.07.2014-ൽ മറുപടിക്ക്

### തീരദേശ മേഖലയിലെ കുട്ടികളിൽ പോഷകാഹാരക്കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തീരദേശ മേഖലയിലെ കുട്ടികൾക്ക് പോഷകാഹാരക്കുറവുമൂലം പലവിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്ന എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കമോ ; | (എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോഷകാഹാര ഗവേഷണ കേന്ദ്രം കേരളത്തിലെ വിവിധ തീരദേശ മേഖലയിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ) കുട്ടികൾക്കിടയിൽ (10 - 13 വയസ്സ്) നടത്തിയ പ്രാഥമിക പോഷണ നിലവാര നിർണ്ണയ സർവ്വേയിൽ തീരദേശ മേഖലയിലെ കുട്ടികൾക്ക് പോഷകാഹാരക്കുറവുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, അദ്ധ്യാപകർ എന്നിവർക്ക് പ്രായോഗിക പോഷണത്തിൽ അവബോധം സൃഷ്ടിക്കുകയാണ് കുട്ടികളിലെ പോഷണ വൈകല്യം പരിഹരിക്കാനുതകുന്ന പ്രവർത്തനങ്ങളിൽ പ്രധാനം. പോഷകാഹാര ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും, ആരോഗ്യ സ്ഥാപനങ്ങൾ വഴിയും ഇത്തരം പ്രവർത്തനം നടത്തിവരുന്നുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) തീരദേശ മേഖലയിലെ കുട്ടികളിലെ പോഷകാഹാരക്കുറവിനെക്കുറിച്ച് വിപുലമായ പഠനം നടത്തുവാൻ സംസ്ഥാന പോഷകാഹാര ഗവേഷണ കേന്ദ്രം ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ